പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1642** — **21.01.14 ലെ മറുപടിക്ക്**

**കർഷക കടാശ്വാസ കമ്മീഷന്റെ വിധി പ്രകാരമുള്ള ആശ്വാസധനവിതരണം**

| ചോദ്യം<br>ശ്രീ.എ.പ്രദീപ് കുമാർ | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർഷക കടാശ്വാസ കമ്മീഷന് ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;<br><br>(ബി) ഇതിൽ തീർപ്പാക്കിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) & (ബി) | 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 20.02.2009 ലെ സ.ഉ.(എംഎസ്.) നം.37/2009/കൃഷി ഉത്തരവ് പ്രകാരം 2009 മെയ് 31 ആയി നിശ്ചയിച്ചിരുന്നു. ആയതിനാൽ പ്രസ്തുത തീയതിക്ക് ശേഷം കമ്മീഷനിൽ അപേക്ഷകൾ സ്വീകരിച്ചിട്ടില്ല.<br>എന്നാൽ, 01.01.12 ലെ ജി.ഒ.(പി.) നം.370/2012/ആർഡി ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കാർഷിക കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്ന് വയനാട് ജില്ലയിൽ നിന്ന് കമ്മീഷനിൽ അപേക്ഷകൾ സ്വീകരിച്ചുവരുന്നു. അതനുസരിച്ച്, നാളിതുവരെ 20,000 അപേക്ഷകൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല. 31.05.2009 ന് മുമ്പ് വയനാട് ജില്ലയിൽ നിന്ന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ബാക്കിയുള്ളവ തീർപ്പാക്കുന്ന മുറയ്ക്ക് ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) തീർപ്പാക്കപ്പെട്ട അപേക്ഷകളിന്മേലുള്ള കടാശ്വാസ ധനവിതരണത്തിൽ കുടിശ്ശികയുണ്ടോ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;<br><br>(ഡി) ഇതിലേക്കായി എന്ത് തുക വേണ്ടി വരും; ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) & (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ